ഉത്തരം

(എ) സബ്കളക്ടറുടെ കെ. ഇ. വി. 1737 എന്ന കാർ തട്ടി ആർക്കും അപകടം സംഭവിച്ചതായി അറിവില്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

കെട്ടിട വാടക നിയന്ത്രണ നിയമമനുസരിച്ചുള്ള കേസുകൾ

1250. [1705] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1965-ലെ കെട്ടിട വാടക നിയന്ത്രണ നിയമം അനുസരിച്ച് റെൻറ് കൺട്രോൾ കോടതികളിലും, മറ്റും കോടതികളിലുമായി എത്ര കേസ് നിലവിലുണ്ട്. ഒന്നു വ്യക്തമാക്കുമോ ;

(ബി) അടിയന്തിര പരിഹാരം കാണേണ്ടതായ വാടകക്കാരന്റെ എമിനിറ്റീസ് നിഷേധിക്കപ്പെട്ടതിനെതിരായുള്ള എത്ര കേസുകൾ അക്കാമിഡേഷൻ കൺട്രോളർമാരുടെ മുമ്പാകെ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസുകളിൽ വളരെ നാളായതിനുശേഷമാണ് തീരുമാന മുണ്ടാകണമെന്ന് കണക്കിലെടുത്ത് പുതിയ തസ്തികകൾ ഉണ്ടാക്കി നിയമനങ്ങൾ നടത്തി വേഗത്തിൽ തീരുമാനം ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ;

(ഡി) വാടകക്കാരുടെ അവശതകൾ പഠിച്ച റിപ്പോർട്ട് ചെയ്യുന്നതിനായ 5788 എൽ 2/80 നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് റവന്യൂ ബോർഡി സെക്രട്ടറി കൺവീനറായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതെന്നാണ് സർക്കാരിനു കിട്ടിയതെന്ന് വ്യക്തമാക്കാമോ ?

(എഫ്) ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ അതു പ്രസിദ്ധീകരിക്കാമോ ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ജി. ഒ. (ആർ. ടി) 865/81 പി. ഡബ്ലിയു. തീയതി 19-5-1981 പ്രകാരം സർക്കാർ നിയമിച്ച ഔദ്യോഗിക കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് കിട്ടിയിട്ടുണ്ട്.

(ഇ) 22-12-1981.

(എഫ്) ഇല്ല.

(ജി) പ്രസിദ്ധീകരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly